സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സമഗ്ര വികസനം

21 (*401) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നു മുതൽക്കാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) ലോക ബാങ്കിന്റെ സഹായത്തോടെ കേന്ദ്ര ഗവൺമെന്റിന്റെ സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതി പ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത ചില എഞ്ചിനീയറിംഗ് കോളേജുകളെ ഗുണമേന്മാ കേന്ദ്രങ്ങൾ ആക്കി മാറ്റാൻ പദ്ധതി തയ്യാറായിട്ടുണ്ട്. ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം.
2. എസ്.സി.റ്റി. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പാപ്പനംകോട്.
3. എം.ഇ.എസ്. കോളേജ്, കുറ്റിപ്പുറം.
4. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം.
5. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ്, ചെങ്ങന്നൂർ.
6. എൽ.ബി.എസ്. കോളേജ്, കാസർഗോഡ്.

(സി) 2003 ജൂലൈ മാസം മുതൽ ഈ പദ്ധതി നടപ്പിൽ വരും.

സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ കുറവ്

22 (*402) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ചില വർഷങ്ങളായി സർക്കാർ സ്കൂൾ തലത്തിലുള്ള കുട്ടികളുടെ പ്രവേശനത്തിൽ ഉണ്ടായിട്ടുള്ള കുറവ് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(സി) അൺ എയിഡഡ് മേഖലയിൽ ഈ കുറവ് ഉണ്ടായിട്ടില്ല എന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത് തമ്മിലൊരു താരതമ്യപഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) ഉണ്ട്.

(ബി) ഉണ്ട്. അൺഎയിഡഡ് മേഖലയിൽ കൂടുതൽ സ്കൂളുകൾ ഉണ്ടാക്കുന്നതും ജനന നിരക്കിലുള്ള കുറവുമാണ് പ്രധാനപ്പെട്ട കാരണങ്ങൾ.

(സി) ഉണ്ട്.

(ഡി) ഉണ്ട്. വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്. †

എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിലും മൂല്യനിർണ്ണയത്തിലും റിസൾട്ട് പ്രസിദ്ധീകരണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ

23 (*403) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിലും മൂല്യനിർണ്ണയത്തിലും റിസൾട്ട് പ്രസിദ്ധീകരണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ ഏതൊക്കെയാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ കൂടെക്കൂടെ ഉണ്ടാകുന്ന ഇത്തരം അപാകതകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) അപാകതകൾ അപ്പപ്പോൾ പരിഹരിക്കുകയല്ലാതെ പ്രത്യേക അവലോകനം നടത്തിയിട്ടില്ല. എന്നാൽ ഇക്കൊല്ലത്തെ കണക്കു പരീക്ഷയിൽ സാങ്കേതികമായ ചില തകരാറുകൾ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത പരീക്ഷ റദ്ദാക്കി വീണ്ടും പരീക്ഷ നടത്തി യഥാസമയം റിസൾട്ട് പ്രഖ്യാപിക്കുകയുമുണ്ടായി.

(ബി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ടായിട്ടുള്ള അപാകതകൾ അപ്പപ്പോൾ പരിഹരിക്കുകയും അവ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂനികുതി നിരക്കുകൾ

1 (1940) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പ് ഈടാക്കിവന്നിരുന്ന ഭൂനികുതി നിരക്കുകൾ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[7-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22(*402) കാണുക]

Details of Enrollment of Students (Management Wise) Since 1990-91

	Enrollment in Standard - I								Enrollment in Standard (I-X)							
	Number of Students				% of Enrollment				Number of Students				% of Enrollment			
Year	Govt.	Aided	Unaided	Total	Govt.	Aided	Unaided	Total	Govt.	Aided	Unaided	Total	Govt.	Aided	Unaided	Total
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)	(15)	(16)	(17)
1990-91	241675	339294	20061	601030	40.2	56.5	3.3	100	2296572	3456814	147715	5901101	38.9	58.6	2.5	100
1991-92	227117	327846	20946	575909	39.4	56.9	3.6	100	2283219	3468394	155392	5907005	38.7	58.7	2.6	100
1992-93	222495	320470	21772	564737	39.4	56.7	3.9	100	2266099	3453866	161729	5881694	38.5	58.7	2.7	100
1993-94	208257	309142	23194	540593	38.5	57.2	4.3	100	2212002	3421170	174933	5808105	38.1	58.9	3.0	100
1994-95	202902	302742	23140	528784	38.4	57.3	4.4	100	2159575	3377513	180257	5717345	37.8	59.1	3.2	100
1995-96	195579	299153	24316	519048	37.7	57.6	4.7	100	2102082	3333461	192210	5627753	37.4	59.2	3.4	100
1996-97	188152	293700	25220	507072	37.1	57.9	5.0	100	2034750	3292785	206689	5534224	36.8	59.5	3.7	100
1997-98	173878	275607	25816	475301	36.6	58.0	5.4	100	1973882	3240362	222847	5437091	36.3	59.6	4.1	100
1998-99	170116	268705	26104	464925	36.6	57.8	5.6	100	1925368	3175205	235128	5335701	36.1	59.5	4.4	100
1999-00	159842	257118	26067	443027	36.1	58.0	5.9	100	1868685	3138803	241559	5249047	35.6	59.8	4.6	100
2000-01	161632	260293	28728	450653	35.9	57.8	6.4	100	1842062	3119463	257527	5219052	35.3	59.8	4.9	100
2001-02	158007	263540	29645	451192	35.0	58.4	6.6	100	1770883	3068083	263072	5102038	34.7	60.1	5.2	100
2002-03	157527	269610	26380	453517	34.7	59.4	5.8	100	1708358	3028989	264414	5001761	34.2	60.6	5.3	100